# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ചെറുതന ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**




**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി /പി3/1190/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 21/11/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുതന ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി3/1190/2025 തീയ്യതി: 21/11/2025

## ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-09-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിത ദാസ് | ഡെപ്യൂട്ടി ഡയറക്ടർ | 10-09-2025 | 19-09-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-09-2025 | 19-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി മായാദേവി സി.എസ്., ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത് സി.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ഉണ്ണികൃഷ്ണൻ സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എബിമാത്യു | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി.പി.ശ്രീദേവിയമ്മ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സലിം.കെ.എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ഗീതാകുമാരി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.സൈറാഭാനു | വെറ്ററിനറി സർജൻ | 01-04-2024 | 15-04-2024 |
| ഡോ.ദിവ്യ ചന്ദ്രൻ | വെറ്ററിനറി സർജൻ | 16-04-2024 | 31-03-2025 |
| ശ്രീമതി.കാർത്തിക | കൃഷിഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി.ജിനി.ജെ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2024 | 17-08-2024 |
| ശ്രീമതി.ഹയറുന്നീസ.എൻ | ഐസിഡിഎസ് സൂപ്പർവൈസർ | 18-08-2024 | 31-03-2025 |
| ശ്രീമതി.അഖില വിജയൻ | ഡയറിഫാംഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ഡോ.രചന.ആർ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2024 | 31-03-2025 |
| ഡോ.വിജയറാണി.എം.സി | മെഡിക്കൽ ഓഫീസർ.(ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ.മനു.വി.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ശ്രീമതി.കൃഷ്ണ | അസി. ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2024 | 25-10-2024 |

| | | | |
|---|---|---|---|
| ശ്രീമതി.പൂജ | അസി. ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 26-10-2024 | 31-12-2024 |
| ശ്രീമതി.ലീന മേരി.എ | അസി. ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-01-2025 | 31-03-2025 |
| ശ്രീമതി.രാജശ്രീ | ഹെഡ്മാസ്റ്റർ,ഗവ,എൽ.പി.എസ് | 01-04-2024 | 13-06-2024 |
| ശ്രീ.അഭിലാഷ്.എസ് | ഹെഡ്മാസ്റ്റർ,ഗവ,എൽ.പി.എസ് | 14-06-2024 | 31-03-2025 |
| ശ്രീമതി.അഞ്ജനാദീപ്തി.കെ.ആർ | അസി.സെക്രട്ടറി | 01-04-2024 | 01-09-2024 |
| ശ്രീ.സജികുമാർ.കെ.എസ് | അസി.സെക്രട്ടറി | 02-09-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഡിമാൻഡ് എൻട്രികൾ വർഷാരംഭത്തിൽ ഉൾപ്പെടുത്തുന്നില്ല | 1-1-1 |
| 3 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | ബജറ്റ് | 1-2 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | ക്യാഷ് ബാലൻസ് | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 12 | വസ്തുനികുതി -ഫീൽഡ് തല സർവ്വെ-ഡേറ്റാ ഉൾപ്പെടുത്തുന്നതിൽ കാലതാമസം | 1-10 |
| 13 | മേൽത്തരം തറനിർമ്മിതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് ഉൾപ്പെടുത്തിയില്ല | 1-11 |
| 14 | ആകെ വിസ്തൃതിക്കനുസൃതമായി വസ്തുനികുതി നിരക്ക് ചുമത്തിയില്ല | 1-12 |
| 15 | തൊഴിൽ നികുതി ചുമത്തുന്നതിലെ അപാകതകൾ | 1-13 |
| 16 | മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്തിട്ടില്ല | 1-14 |
| 17 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണ വിതരണം-മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്നിട്ടില്ല | 1-15 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി - പ്രവൃത്തി പൂർത്തിയായില്ല | 1-16 |
| 19 | ആയാപറമ്പ് ഗവൺമെന്റ് ന്യൂ യു.പി.എസ്.ന് വാങ്ങിയ കളിയുപകരണങ്ങളും സ്പോർട്ട്സ് ഉപകരണങ്ങളും പ്രവർത്തനക്ഷമമാക്കിയില്ല | 1-17 |
| 20 | എ ബി സി പദ്ധതിയ്ക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല | 1-18 |
| 21 | പൊതു ടാപ്പുകൾ ഡിസ്കണക്ട് ചെയ്തെങ്കിലും വെള്ളക്കരം കുറവ് ചെയ്തില്ല | 1-19 |
| 22 | അടിസ്ഥാന സൗകര്യം ഏർപ്പെടുത്തിയില്ല, വാങ്ങിയ നാപ്കിൻ പാഡ് ഡിസ്ട്രോയൽ യൂണിറ്റ് നിഷ്ക്രിയാവസ്ഥയിൽ | 1-20 |
| 23 | വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ ആട് വിതരണം പ്രോജക്ട് - ആടുകളെ ഇൻഷ്വർ ചെയ്തില്ല | 1-21 |
| 24 | സോളാർ പാനൽ - മിച്ചവൈദ്യുതിക്ക് പണം ലഭിക്കുന്നില്ല | 1-22 |
| 25 | ഭവന പുനരുദ്ധാരണം (എസ്.സി)-ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയില്ല | 1-23 |
| 26 | ഓഡിറ്റ് ഇംപാക്ട്- കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കി | 1-24 |
| 27 | മത്സ്യമേഖലയെ പ്രോൽസാഹിപ്പിക്കുന്ന പദ്ധതികൾ ഇല്ല | 1-25 |
| 28 | കൃഷി ഭവൻ മെയിന്റനൻസുമായി ബന്ധപ്പെട്ട് നടത്തിയ പെയിന്റിംഗ് ഇളകിയ നിലയിൽ | 1-26 |
| 29 | നാളികേര സംസ്കരണ യൂണിറ്റ്- നാളിതുവരെ പ്രവർത്തനം ആരംഭിച്ചില്ല | 1-27 |
| 30 | കയർ ഭൂവസ്ത്രം വിരിയ്ക്കൽ -ചെയ്ത അളവിനേക്കാൾ കൂടുതൽ കയർഭൂവസ്ത്രം വാങ്ങി | 1-28 |
| 31 | ഹോമിയോ ഡിസ്പൻസറിയിലേക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-29 |
| 32 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം | 1-30 |
| 33 | ജൽ ജീവൻ മിഷൻ- പദ്ധതി പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല | 1-31 |
| 34 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-32 |
| 35 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയില്ല | 1-33 |
| 36 | ലൈഫ് ഭവന പദ്ധതി - അവലോകനം | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ്പ് - അവലോകനം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20.6.2025-ലെ 6/2(1)-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 8.7.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെറുതന ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ചെറുതന ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ഡിമാൻഡ് എൻട്രികൾ വർഷാരംഭത്തിൽ ഉൾപ്പെടുത്തുന്നില്ല

വാർഷിക ഡിമാൻഡുകൾ വർഷാരംഭത്തിൽ രേഖപ്പെടുത്തുന്നില്ല. വസ്തുനികുതി, സ്ഥാപനങ്ങളുടെയും ട്രേഡേഴ്സിന്റെയും തൊഴിൽ നികുതി, ലൈസൻസ് ഫീസ് തുടങ്ങി ഡിമാൻഡ് കൃത്യതയുള്ള ഇനങ്ങളുടെ മുൻവർഷ ഡിമാൻഡ് എൻട്രി വർഷാരംഭത്തിൽ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്നില്ല.

### 1-1-2 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകൾ പ്രകാരം 31.03.25-ൽ മുൻകൂർ എന്ന നിലക്ക് തുടരുന്ന തുകകളുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല.

### 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 13.02.2024 തീയതിയിലെ തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു. 28.2.2025-ലെ തീരുമാനം നം. 1 പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 13,38,07,902 | 13,38,43,210 |
| വാർഷിക കണക്ക് പ്രകാരം | 12,00,73,388 | 11,82,16,968 |

(ഇൻകം&എക്സ്പെന്റിച്ചർ)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 86,15,375 |
| വരവ് | 3,54,25,728 |
| ആകെ | 4,40,41,103 |
| ചെലവ് | 3,22,44,322 |
| നീക്കിയിരിപ്പ് | 1,17,96,781 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13,34,798 | 92,16,202 | 1,05,51,000 | 1,05,51,000 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3,90,876 | 60,13,124 | 64,04,000 | 53,81,981 | 10,22,019 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | - | 51,19,000 | 51,19,000 | 45,74,708 | 5,44,292 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | 0 | - | 70,93,000 | 70,93,000 | 47,91,900 | 23,01,100 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് -ബാങ്ക് | 16,14,887 | - | 40,61,500 | 56,76,387 | 32,93,910 | 23,82,477 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 13,94,936 | - | 18,97,734 (പലിശ ഉൾപ്പെടെ) | 32,92,670 | 19,70,624 | 13,22,046 |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിബാക്കി തുക ആയതിന്റെ ബാങ്ക് അക്കൗണ്ടുമായി 1,15,914 രൂപയുടെ വ്യത്യാസം കാണിക്കുന്നുണ്ട്. ടൈഡ് ഫണ്ടിൽ ബുക്ക് അഡ്ജസ്റ്റ്മെന്റുകൾ നടത്താനുള്ള 1,14,751 രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടെങ്കിലും ബേസിക്ക് ഗ്രാന്റിലെ 1,163 രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 186 | 9,11,19,471 | 125 | 4,53,86,890 | 16 | 45 | 67.2% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 9,15,907 | 9,15,907 | 5,25,838 | 3,90,069 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 3,64,93,000 | 3,64,93,000 | 3,64,93,000 | 0 |
| ആകെ | 0 | 3,74,08,907 | 3,74,08,907 | 3,70,18,838 | 3,90,069 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 86,30,000 | 557 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 73,59,200 | 491 |
| വാർദ്ധക്യകാല പെൻഷൻ | 1,64,27,200 | 1190 |
| വികലാംഗ പെൻഷൻ | 29,00,500 | 189 |
| അവിവാഹിത പെൻഷൻ | 3,78,800 | 22 |

**1-8 ക്യാഷ് ബാലൻസ്**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.09.2025 തീയതിയിൽ 4.00 P.M സമയത്ത് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,950/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം**

പഞ്ചായത്തിന്റെ ഓഡിറ്റിൽ ശ്രദ്ധയിൽപെട്ട ചുവടെ ചേർത്തിട്ടുള്ള പോരായ്മകൾ പരിഹരിച്ച് അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1) 01.04.23 മുതൽ നടപ്പിലാക്കിയ വസ്തുനികുതി പരിഷ്ക്കരണം പഞ്ചായത്തിൽ ഓഡിറ്റ് കാലയളവിലും പ്രാവർത്തികമാക്കിയിട്ടില്ല.

2) തനത് വരുമാനം തുലോം പരിമിതമായ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നില്ല.

3) പദ്ധതി പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഭൂരിപക്ഷം ഫയലുകളിലും സൂക്ഷിക്കുന്നില്ല.

**1-10 വസ്തുനികുതി -ഫീൽഡ് തല സർവ്വെ-ഡേറ്റാ ഉൾപ്പെടുത്തുന്നതിൽ കാലതാമസം**

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണോ നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസ് നൽകേണ്ടതുണ്ട്. മേൽപറഞ്ഞ വിവരങ്ങൾ നാളിതുവരെ അറിയിക്കാതിരുന്ന കെട്ടിട ഉടമകൾക്ക് (സ.ഉ (കൈ)77/2023/ത.സ്വ.ഭ.വ. തീയതി 22.03.23 പ്രകാരം) 2023 മെയ് 15 നകം വിവരങ്ങൾ അറിയിക്കുന്ന പക്ഷം ചട്ടങ്ങൾ പ്രകാരമുള്ള പിഴകളിൽ നിന്ന് ഒഴിവാക്കിയിരുന്നു.

ഉടമ അറിയിച്ചാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30.06.2023 നകം നികുതി പുനർനിർണ്ണയിക്കേണ്ടതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. (ഉത്തരവിന്റെ 8,9,10 ഖണ്ഡികകൾ കൂടി കാണുക).

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. നിയോഗിക്കപ്പെട്ട താൽകാലിക ജീവനക്കാർ ഫീൽഡ് തല പരിശോധന നടത്തി പതിനൊന്ന് വാർഡുകളുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. രണ്ട് വാർഡുകളുടെ റിപ്പോർട്ട് കൂടി പൂർത്തീകരിക്കുവാനുണ്ട്. എന്നാൽ മേൽ പരിശോധനക്ക് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയോ സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സോഫ്റ്റ്വെയർ സപ്പോർട്ട് നൽകുന്ന IKM തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നാണ് പഞ്ചായത്ത് അധികൃതർ നൽകുന്ന വിശദീകരണം. ഇത് വലിയ വരുമാന ചോർച്ചക്കിടയാക്കുന്നുണ്ട്.

വസ്തുനികുതി ഫീൽഡ് തല റിപ്പോർട്ട് പ്രകാരം ലഭ്യമായ വിവരങ്ങളിലെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഫീൽഡ് തല സർവ്വെയിൽ കണ്ടെത്തിയ തറവിസ്തൃതിയിലെ മാറ്റം</u>

| ക്രമ നം. | കെട്ടിട നമ്പർ | ഒന്നാം നില സഞ്ചയ പ്രകാരമുള്ള വിസ്തൃതി | ഫീൽഡ് സർവ്വെ പ്രകാരമുള്ള വിസ്തൃതി | ഫീൽഡ് തല സർവ്വെയിൽ കണ്ടെത്തിയ രണ്ടാം നില |
|---|---|---|---|---|
| 1 | 13/308 | 38.95 | 87 | |
| 2 | 13/306 | 19.8 | 80.1 | |
| 3 | 13/293 | 33.43 | 106.8 | |
| 4 | 13/279 A | 150.83 | 116.61 | 105.84 |
| 5 | 13/247 | 29.76 | 62.75 | |
| 6 | 11/216 | 132 | 155.76 | 84.96 |
| 7 | 11/187A | 17 | 67 | |
| 8 | 4/273/B | 7.02 | 88.39 | |
| 9 | 13/68 | 87.4 | 193.75 | |

ഫീൽഡ് തല സർവ്വെ വിവരങ്ങൾ സഞ്ചയ ഡേറ്റാബേസിൽ ഉൾപ്പെടുത്തുകയോ തറവിസ്തൃതിയിലെയും ഉപയോഗക്രമത്തിലെയും അടിസ്ഥാനവസ്തുനികുതിയിലെ വർദ്ധനവിനും ഇളവിനും ബാധകമാക്കുന്ന ഘടകങ്ങൾ എന്നിവയിലെ മാറ്റം വസ്തുനികുതി ഡിമാൻഡിൽ ഉണ്ടാക്കാവുന്ന വർദ്ധനവ് പരിഗണിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. വസ്തുനികുതി വാർഷിക ഡിമാൻഡിൽ വളരെ പിന്നിലുള്ള ഗ്രാമപഞ്ചായത്തിന്റെ കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ഡിമാൻഡ് ചുവടെ ചേർക്കുന്നു.

| 2023-24 | 2024-25 |
|---|---|
| 12,25,672 | 13,83,509 |

സാമ്പത്തിക വർഷം 13.87 ലക്ഷം രൂപ മാത്രം വസ്തുനികുതി ഡിമാൻഡുള്ള ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിച്ച് വസ്തുനികുതി പുനർനിർണ്ണയം നടത്താതിരുന്നത് പഞ്ചായത്തിന്റെ ഉത്തമസാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമാണ്. വസ്തുനികുതി പരിഷ്കരിച്ച് 2023-24 വർഷത്തെ അടിസ്ഥാനമാക്കി ഉണ്ടായ വർദ്ധനവിന്റെ വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-11 മേൽത്തരം തറനിർമ്മിതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് ഉൾപ്പെടുത്തിയില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധന സാമഗ്രികൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ സാധാരണ തറയെന്ന നിലക്കാണ് കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ചട്ടങ്ങൾ പ്രകാരം മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ വിശദമാക്കിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം വസ്തുക്കളാലാണെന്നിരിക്കെ സാധാരണതറ എന്ന നിലക്ക് രേഖപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി കുറയുന്നതിനിടയായിട്ടുണ്ട്. തറനിർമ്മിതിക്കനുസൃതമായി നികുതി വർദ്ധനവ് ചുമത്തപ്പെടാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തറനിർമ്മിതി ടൈൽസാണെന്ന് ഇത് സംബന്ധിക്കുന്ന ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നമ്പർ | വിസ്തൃതി (ച.മീ) | ഉടമയുടെ പേര് | നിർണ്ണയിക്കേണ്ടിയിരുന്ന വർദ്ധനവ് (രൂപ) |
|---|---|---|---|---|
| 1 | 1/106 A | 264.09 | മറിയാമ്മ മൂലയിൽ തോട്ടലിൽ ആയാപറമ്പ് | 332.75 |
| 2 | 4/172 A | 250.09 | മുരളീധരൻ പിള്ള വൃന്ദാവനം(ആനക്കാട്ടിൽ) ആനാരി | 315.11 |
| 3 | 8/327 A | 299.27 | രഞ്ജിത്ത് ആർ. വേണാട്ടുകിഴക്കതിൽ ചെറുതന | 377.08 |

തറനിർമ്മിതിയുടെ തരം സംബന്ധിക്കുന്ന പരിശോധന നടത്തി അടിസ്ഥാന തറവിസ്തൃതിയിൽ വർദ്ധനവ് വരുത്തേണ്ടതുണ്ടെങ്കിൽ (ഫീൽഡ് തല പരിശോധന റിപ്പോർട്ട് ആസ്പദമാക്കി) വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

**1-12 ആകെ വിസ്തൃതിക്കനുസൃതമായി വസ്തുനികുതി നിരക്ക് ചുമത്തിയില്ല**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 05.04.2023 ലെ സർക്കാർ ഉത്തരവ് (അച്ചടി) 23/2023/ത.സ്വ.ഭ.വ. യിലെ നിർദ്ദേശ പ്രകാരം പഞ്ചായത്ത് 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 70/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 80/- രൂപയുമാണ്. (തീരുമാനം നം.7/7/2023 ലെ 8(2) നമ്പർ തീരുമാനം). എന്നാൽ 11.06.2024 ൽ വസ്തുനികുതി നിർണ്ണയിച്ച 8/4 A, B, C എന്നീ കെട്ടിടങ്ങൾ ഒരേ ഉടമകളുടെ പേരിലുള്ളതും ഒരേ ഉപയോഗക്രമത്തിലുള്ളതും ഒരുമിച്ച് പൂർത്തീകരിച്ചതുമായ കെട്ടിടമാണെങ്കിലും ഉടമയുടെ ആവശ്യപ്രകാരം വ്യത്യസ്ത നമ്പരുകൾ അനുവദിച്ച് നൽകിയപ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തൃതിയായ 133.70 ചതുരശ്ര മീറ്ററിനനുസൃതമായ നിരക്കിൽ (ച.മീറ്ററിന് 80 രൂപ) വസ്തുനികുതി ചുമത്തിയില്ല. പകരം 100 ചതുരശ്ര മീറ്ററിന് താഴെ വിസ്തൃതിയുള്ള വാണിജ്യാവശ്യ കെട്ടിടം എന്ന നിലക്കുള്ള വസ്തുനികുതി നിരക്കായ 70 രൂപയാണ് ചുമത്തിയിട്ടുള്ളത്. വസ്തുനികുതി ചുമത്തിയതിലുണ്ടായ നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര്, വിലാസം | കെട്ടിട നം. | വിസ്തൃതി (Sqft) | ആകെ വിസ്തൃതി (Sqft) | ചുമത്തിയ വസ്തുനികുതി @70/sqft + 20% റോഡ് വിസ്തൃതി | ചുമത്തിയ സേവന ഉപനികുതി | ചുമത്തിയ ലൈബ്രറി സെസ്സ് | ചുമത്തേണ്ട വസ്തുനികുതി @80/sqft++ 20% റോഡ് വിസ്തൃതി | ചുമത്തേണ്ട സേവന ഉപനികുതി | ചുമത്തേണ്ട ലൈബ്രറി സെസ് |
|---|---|---|---|---|---|---|---|---|---|---|
| 1 | അശോക് കുമാർ, അമ്പിളി മോൾ, ഗണപതി പറമ്പിൽ | 8/4 A | 26.18 | 133.70 | 2310 | 208 | 116 | 2514 | 227 | 126 |
| 2 | അശോക് കുമാർ, അമ്പിളി മോൾ, ഗണപതി പറമ്പിൽ | 8/4 B | 33.67 | 133.70 | 2822 | 254 | 142 | 3233 | 291 | 162 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 3 | അശോക് കുമാർ, അമ്പിളി മോൾ, ഗണപതി പറമ്പിൽ | 8/4 C | 73.85 | 133.70 | 5863 | 528 | 294 | 6898 | 621 | 345 |

തെറ്റായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടത്തിന്റെ വസ്തുനികുതി നിയമാനുസൃതമായി പുന:നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 2/24-25/12.09.2025)

**1-13 തൊഴിൽ നികുതി ചുമത്തുന്നതിലെ അപാകതകൾ**

1) തൊഴിൽ നികുതി- എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തുന്നില്ല

റേഷൻ ഷോപ്പുകൾ, കള്ളുഷാപ്പുകൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ചുമത്തുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള സ്ഥാപനങ്ങളുടെ മുഴുവൻ പട്ടികയും ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള നികുതി ഡിമാന്റ് പൂർണ്ണമാണെന്നുറപ്പിക്കാനായിട്ടില്ല. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് രണ്ട് അക്ഷയ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവിടെ ജോലി ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ചുമത്തിയിട്ടില്ല. സെന്ററുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. സെന്റർ കോഡ് -084 കൊച്ചു കന്യാറ്റുകുളങ്ങര

2. സെന്റർ കോഡ് -083 ആയാപറമ്പ് GHSS ജംഗ്ഷൻ

നികുതി ബാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളെയും ജീവനക്കാരെയും നികുതി ചുമത്തുന്നതിനും ഈടാക്കുന്നതിനും നടപടികൾ സ്വീകരിച്ച് ഓഡിറ്റ് വകുപ്പിൽ അറിയിക്കേണ്ടതാണ്.

2) തൊഴിൽ നികുതി- അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്ന തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ജീവനക്കാരിൽ നിന്നും ലഭ്യമാക്കിയ അർദ്ധവാർഷിക വരുമാന പത്രികയ്ക്ക് അനുസൃതമായി തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പേര് | തസ്തിക | സ്ഥാപനം | അർദ്ധ വാർഷിക വരുമാനം | അർദ്ധ വർഷം | ചുമത്തേണ്ട തൊഴിൽ നികുതി | ചുമത്തിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | ഷീന ടി. | CDS അക്കൗണ്ടന്റ് | CDS കുടുംബശ്രീ | 107750 | I | 1000 | 750 | 250 |
| 2 | റോസമ്മ വർഗ്ഗീസ് | പാലിയേറ്റീവ് നേഴ്സ് | FHC ചെറുതന | 147120 | I | 1250 | 1000 | 250 |
| 3 | റോസമ്മ വർഗ്ഗീസ് | പാലിയേറ്റീവ് നേഴ്സ് | FHC ചെറുതന | 147120 | II | 1250 | 1000 | 250 |
| 4 | ഗിരിജ കെ. | ലാബ് അസിസ്റ്റന്റ് | ആയാപറമ്പ് KUCS A238 (D) APCOS | 53600 | II | 600 | 450 | 150 |
| 5 | ഗീതാകുമാരി | മിൽക്ക് കളക്ടർ | ആയാപറമ്പ് KUCS A238 (D) APCOS | 47000 | II | 600 | 450 | 150 |
| 6 | ജയശ്രീ കെ.വി. | സെക്രട്ടറി | പുത്തൻ തുരുത്ത് KUCS A 235 (D) APCOS | 48400 | II | 600 | 450 | 150 |
| 7 | നിർമ്മല കെ. | മിൽക്ക് കളക്ടർ | പുത്തൻ തുരുത്ത് KUCS A 235 (D) APCOS | 33100 | II | 450 | 300 | 150 |
| 8 | ശ്രീ രമേഷ്കുമാർ M.S. | മാനേജർ | R K ഫൈനാൻസിയേഴ്സ്, ചെറുതന | 48000 | II | 600 | 450 | 150 |
| 9 | ഹരിത | | അശോക ഫൈനാൻസ്, ആയാപറമ്പ് | 24000 | II | 300 | 180 | 120 |
| 10 | പ്രിയദർശിനി | | അശോക ഫൈനാൻസ്, ആയാപറമ്പ് | 24000 | II | 300 | 180 | 120 |

3) തൊഴിൽ നികുതി- ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ചുമത്തലിലെ അപാകതകൾ

ട്രേഡേഴ്സിൽ നിന്നുള്ള തൊഴിൽ നികുതി ലൈസൻസ് അപേക്ഷയോടൊപ്പം മുൻകൂറായാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം വാങ്ങുമ്പോൾ ആദ്യ അർദ്ധവർഷത്തിലെ മാത്രം തൊഴിൽ നികുതി ഈടാക്കുകയും തുടർന്ന് രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി ഈടാക്കാത്ത സാഹചര്യം നിലനിൽക്കുകയും ചെയ്യുന്നുണ്ട്.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 1,250 രൂപയാണ് ചുമത്തിയിട്ടുള്ളത്. ഈ സ്ഥാപനങ്ങളുടെ വാർഷിക വരുമാനം സംബന്ധിക്കുന്ന റിപ്പോർട്ടുകളൊന്നും തന്നെ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നികുതി ചുമത്തലിന് ബാധകമാക്കിയ വരുമാനം എത്രയെന്ന് വ്യക്തമല്ല.

| | | | |
|---|---|---|---|
| 1 | 11/175 | ഗിരീഷ് കുമാർ ജയശ്രീ, | ഹാർഡ് വേയേഴ്സ് |

| | | | |
|---|---|---|---|
| | A | തലയിനേഴത്ത് വീട് | |
| 2 | 12/284 D | സജിനി വർഗ്ഗീസ് | ക്ലിനിക്കൽ ലബോറട്ടറി |
| 3 | 8/180 A | ഷീജ എസ്.പി., ആലിപറമ്പിൽ വീട് | ക്ലിനിക്കൽ ലബോറട്ടറി |
| 4 | 2/118 | ജോസഫ് സേവ്യർ, കൊച്ചുപറമ്പിൽ | ഹോളോബ്രിക്സ് |
| 5 | 8/99 A | നെസ്നി നഹാസ്, എൻ.എൻ മൻസിൽ | ക്ലിനിക്ക് |
| 6 | 5/86 A | സക്കീർ ഹുസൈൻ, ചെറുവള്ളിൽ | ധാന്യ മില്ല് |
| 7 | 12/241 B | അനുകുമാർ എം., നെടുന്താനത്ത് | ലോജിസ്റ്റിക്സ് |

തൊഴിൽ നികുതി നഷ്ടമുണ്ടാകുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-14 മുറിച്ചുമാറ്റിയ മരങ്ങൾ ലേലം ചെയ്തിട്ടില്ല**

ചെറുതന ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ പ്രവർത്തിക്കുന്ന 7-ാം നമ്പർ അങ്കണവാടി കെട്ടിടത്തിന്റെയും 4-ാം വാർഡിൽ പ്രവർത്തിക്കുന്ന 14-ാം നമ്പർ അങ്കണവാടിയുടെയും സമീപത്ത് അപകടാവസ്ഥയിൽ നിന്ന മാവ്, ഉതി, ആഞ്ഞിലി, ഞാറ എന്നീ മരങ്ങൾ മുറിച്ചുമാറ്റുന്നതിന്, അങ്കണവാടി അനുബന്ധ ചെലവുകൾ എന്ന പദ്ധതിയിൽ നിന്നും 9000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മുറിച്ചുമാറ്റിയ മരങ്ങൾ മൂല്യനിർണ്ണയം നടത്തി നടപടിക്രമങ്ങൾ പാലിച്ച് ലേലം ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ അപ്രകാരം ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച് 18.09.2025-ലെ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന വിശദീകരണമാരാഞ്ഞെങ്കിലും മറുപടി ലഭ്യമായിട്ടില്ല. നടപടിക്രമങ്ങൾ പാലിച്ച് മുറിച്ചിട്ടിട്ടുള്ള തടികൾ ലേലം ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-15 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണ വിതരണം-മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്നിട്ടില്ല**

1) പ്രോജക്ട് നം – എസ് 107/25

പ്രോജക്ടിന്റെ പേര്- മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം (പൊതുവിഭാഗം)

അടങ്കൽ തുക- 58509/- (വികസനഫണ്ട്)

ചെലവ് -58493/-

2) പ്രോജക്ട് നം – എസ് 108/25

പ്രോജക്ടിന്റെ പേര്- മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണം (എസ്.സി.പി)

അടങ്കൽ തുക- 23402/- (വികസനഫണ്ട് എസ്.സി.പി)

ചെലവ് -23397/-

2024-25 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ മേൽ പ്രോജക്ടുകൾ പ്രകാരം തൻവർഷം ഒരു വിദ്യാർത്ഥിക്ക് പഠനോപകരണം വാങ്ങുന്നതിനായി 5,850/- രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്കൂൾ അധികൃതരിൽ നിന്നും ലഭിയ്ക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ സ്കൂൾ അധികൃതരിൽ നിന്നും ഇപ്രകാരം ലിസ്റ്റ് വാങ്ങി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തണമെന്ന നിർദ്ദേശം പാലിക്കുകയോ ആയത് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. മുൻകൂട്ടി അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി ഗ്രാമസഭയുടെ അംഗീകാരം വാങ്ങി അതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യവിതരണം നടത്താതിരുന്നതുമൂലം വേണ്ട നിലയിൽ ഗുണഭോക്താക്കളെ ലഭിക്കാതെ പദ്ധതി നീണ്ടുപോകുകയും വികസനഫണ്ട് യാന്ത്രികമായി ചെലവഴിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിട്ടുള്ളത്. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ നിലയിലുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടക്കുക എന്നത് പദ്ധതി പ്രവർത്തനത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. ആനുകൂല്യങ്ങൾ അർഹരായവരിൽ എത്തിച്ചേരുന്നുവെന്ന് ഉറപ്പുവരുത്താൻ ഇത് അത്യന്താപേക്ഷിതമാണ്. ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

**1-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി - പ്രവൃത്തി പൂർത്തിയായില്ല**

പ്രോജക്ട് നം.91/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 6,00,000/- (എസ്.സി.പി)

ചെലവ്-2,60,000/- (എസ്.സി.പി)

ബിൽ നം.221/13.12.2024, 338/15.02.2025

പ്രസ്തുത പ്രോജക്ടിൽ പഠന മുറി നിർമ്മാണത്തിനായി രണ്ട് ഗുണഭോക്താക്കൾക്ക് തുക കൈമാറുകയുണ്ടായി. ഇതിൽ 90,000/- രൂപ കൈപ്പറ്റിയ പ്രകാശൻ എന്ന ഗുണഭോക്താവ് നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/2024-25/15.09.2025) ഫൗണ്ടേഷൻ പൂർത്തിയാക്കിയെന്നും തുടർന്നുള്ള പ്രവൃത്തി നടന്ന് വരുന്നതായും മറുപടി ലഭിച്ചു. പ്രവൃത്തി പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം (Final

Valuation) ഹാജരാക്കുന്നതുവരെ 90,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-17 ആയാപറമ്പ് ഗവൺമെന്റ് ന്യൂ യു.പി.എസ്.ന് വാങ്ങിയ കളിയുപകരണങ്ങളും സ്പോർട്ട്സ് ഉപകരണങ്ങളും പ്രവർത്തനക്ഷമമാക്കിയില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ
പ്രോജക്ടിന്റെ പേര് - ആയാപറമ്പ് ഗവൺമെന്റ് ന്യൂ യു.പി.എസ്-ന് കളിയുപകരണങ്ങളും സ്പോർട്ട്സ് ഉപകരണങ്ങളും വാങ്ങൽ

പ്രോജക്ട് നമ്പർ -S0 83/2025

അടങ്കൽ - 1,54,000/- രൂപ

ചെലവ് - 1,52,990/- രൂപ

ഫണ്ടിനം - ധനകാര്യ കമ്മീഷൻ ഗ്രാന്റ് (100000/-) (ബിൽ നം. 383/10.3.25)

മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം (52990) (ബിൽ നം. 384/10.3.25)

മേൽ പദ്ധതിയിലുൾപ്പെടുത്തി ആയാപറമ്പ് ഗവൺമെന്റ് ന്യൂ യു.പി.എസ്-ന് കളി ഉപകരണങ്ങളും സ്പോർട്ട്സ് ഉപകരണങ്ങളുമായി 29 ഇനം സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1,00,000/- രൂപയും മെയിന്റനൻസ് ഗ്രാന്റിൽ(റോഡിതരം) നിന്നുള്ള 52,990/- രൂപയും ചേർത്തുള്ള തുകയാണ് വാങ്ങലിനായി ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ജെം പോർട്ടൽ മുഖേന ബോഡി പ്ലസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ പ്രക്രിയ നടത്തിയിട്ടുള്ളത്. കളി ഉപകരണങ്ങളും സ്പോർട്ട്സ് ഉപകരണങ്ങളുമായി 29 ഇനം സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ച് സ്കൂളിൽ നേരിട്ട് സന്ദർശനം നടത്തി ബോദ്ധ്യപ്പെട്ടതിൽ, കളിയുപകരണങ്ങളിൽ മെറി ഗോ റൗണ്ട്, സ്വിംഗ് ഡബിൾ, ക്ലൈമ്പർ എന്നിവ സ്കൂൾ മൈതാനത്തിന്റെ ഒരു ഭാഗത്തായി സ്ഥാപിച്ചിട്ടുണ്ട്. ഫിഷ് റോക്കർ ക്ലാസ്സ് മുറിക്കുള്ളിലായി വെച്ചിരിക്കുകയാണ്. 2025 ഫെബ്രുവരി മാസത്തിലാണ് സാധനങ്ങൾ ലഭിച്ചിട്ടുള്ളതെങ്കിലും നാമമാത്രമായ സ്പോർട്സ് ഉപകരണങ്ങൾ മാത്രമാണ് ഇതുവരെയായി കുട്ടികൾ ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ഏറിയപങ്ക് സാധനങ്ങളും സ്റ്റോറിൽ സൂക്ഷിച്ചിരിക്കുകയാണ്. 2 ഫുട്ബോളുകളിൽ ഒരെണ്ണത്തിന്റെ മാത്രം പായ്ക്കറ്റ് പൊട്ടിച്ചിട്ടുണ്ട്. സ്റ്റോറിനകത്ത് സൂക്ഷിച്ചിട്ടുള്ള ഗോൾപോസ്റ്റുകൾ പോർട്ടബിൾ ആണെങ്കിലും ഇതുവരെയും ഉപയോഗിച്ചതായി ബോദ്ധ്യപ്പെടുന്നില്ല. ക്രിക്കറ്റ് ബാറ്റുകൾ, സ്റ്റമ്പുകൾ, ലഗ്പാഡുകൾ, ഹർഡിൽസിനുള്ള ഉപകരണങ്ങൾ എന്നിവയെല്ലാം ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. മാത്രവുമല്ല സ്കൂളിലെ കളിസ്ഥലത്തിന്റെ നല്ലൊരു ഭാഗവും കാടുകയറി കളികൾക്ക് പര്യാപ്തമല്ലാത്ത നിലയിലുമാണ്. കൂടാതെ വോളിബോളുകളും ബാസ്കറ്റ് ബോളുകളും ബാസ്കറ്റ് ബോൾ സ്റ്റോപ് ബാക്ക് ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങി സ്റ്റോറിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിനാവശ്യമായ കോർട്ടുകളോ അനുബന്ധ സൗകര്യങ്ങളോ ഒരുക്കാതെയാണ് വിലപിടിപ്പുള്ള ഇത്തരം സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

ഡിസ്കസ് ത്രോയ്ക്കാവശ്യമായ 3 ഡിസ്കുകൾ, ജാവലിൻ എന്നിവയും വാങ്ങി സൂക്ഷിച്ചിട്ടുള്ള സാധനങ്ങളിൽ ഉൾപ്പെടുന്നു. താരതമ്യേന അപകടസാദ്ധ്യത കൂടിയതും തന്മൂലം കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുമായ ഇത്തരം കായിക ഇനങ്ങൾക്കാവശ്യമായ മൈതാനമോ മറ്റ് പരിശീലന പദ്ധതികളോ ഇല്ലാതെയാണ് ഇത്തരം സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. കുട്ടികളുടെ കായികവും മാനസികവുമായ വളർച്ച നാടിന്റെ വളർച്ചയ്ക്ക് ഏറ്റവും അത്യന്താപേക്ഷിതമായ ഒന്നാണ്. അതിനാൽതന്നെ കുട്ടികൾക്കായി നടപ്പാക്കുന്ന പദ്ധതികൾ പൂർണ്ണമായ തോതിൽ അവർക്ക് പ്രയോജനപ്പെടുന്ന നിലയിൽ കാര്യക്ഷമമായ നിലയിൽ നടപ്പാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-18 എ ബി സി പദ്ധതിയ്ക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല**

എ.ബി.സി. പദ്ധതിയ്ക്ക് വിഹിതം നൽകൽ (പ്രോജക്ട് നം. S071/25) പ്രോജക്ട് പ്രകാരം എ.ബി.സി. പദ്ധതി നടപ്പാക്കുന്നതിന് കെട്ടിടം നിർമ്മിയ്ക്കുന്നതിനായി ചെറുതന ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി വികസനഫണ്ട് 3,00,000 രൂപ (ബിൽ നം. 279/17.1.2025) ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന്റെ എസ്.ബി.ഐ. ശാഖയിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ തുക വിനിയോഗിച്ചത് സംബന്ധിച്ച രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(6/15.9.25) ലഭ്യമാക്കിയ മറുപടിയിൽ ആയത് ലഭ്യമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ സെക്രട്ടറി അറിയിച്ചു. നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ 3,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-19 പൊതു ടാപ്പുകൾ ഡിസ്കണക്ട് ചെയ്തെങ്കിലും വെള്ളക്കരം കുറവ് ചെയ്തില്ല**

നിർവ്വഹണ ഉദ്യോഗസ്ഥ : സെക്രട്ടറി
പൊതു ടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു. പ്രോജക്ട് നം.S0172/25 പ്രകാരം 2,16,668 (ബിൽ നം.XVFC/24-25/P/1.12.24-Rs.200000, UTR No. RB 1355240245050/13.12.24-16668) രൂപയും സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കൽ പ്രോജക്ട് (പ്രോജക്ട് നം. S015/25) പ്രകാരം 2,91,183(ബിൽ നം.XVFC/24-25/P/12/28.11.24) രൂപയും ഉൾപ്പടെ 5,07,850 രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. ആകെയുള്ള 155 ടാപ്പുകളിൽ 120 എണ്ണം വിച്ഛേദിയ്ക്കുന്നതിനാണ് തുക നിക്ഷേപിച്ചിരുന്നത്. എന്നാൽ ജനപ്രതിനിധികളുടെ ആവശ്യത്തെ തുടർന്ന് 100 ടാപ്പുകൾ മാത്രം വിച്ഛേദിച്ചതായി 5.4.25 ലെ കത്ത് പ്രകാരം വാട്ടർ അതോറിറ്റി അറിയിച്ചിരുന്നു. ശേഷിയ്ക്കുന്ന 20 ടാപ്പുകൾ വിച്ഛേദിയ്ക്കുന്നതിനായി അടച്ച തുക തിരികെ ലഭിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 83,481 രൂപ തനത് ഫണ്ട് അക്കൌണ്ടിലേയ്ക്ക് വരവ് വെയ്ക്കുകയും 19.6.25 ന് 019647 നമ്പർ ചെക്ക് പ്രകാരം സി എഫ് സി അക്കൌണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിച്ചതായും അറിയിച്ചു. എന്നാൽ കുറവ് ചെയ്ത ടാപ്പുകളുടെ എണ്ണം അനുസരിച്ച് വാട്ടർ അതോറിറ്റിയുടെ ബില്ലിൽ വെള്ളക്കരം കുറവ് ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചെങ്കിലും വെള്ളക്കരം കുറവ് ചെയ്തതായുള്ള ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കുറവ് ചെയ്ത ടാപ്പുകളുടെ എണ്ണമനുസരിച്ചുള്ള വാട്ടർ അതോറിറ്റി ബിൽ പരിശോധനയ്ക്ക് ഹാജാക്കേണ്ടതാണ്.

**1-20 അടിസ്ഥാന സൗകര്യം ഏർപ്പെടുത്തിയില്ല, വാങ്ങിയ നാപ്കിൻ പാഡ് ഡിസ്ട്രോയൽ യൂണിറ്റ്**

**നിഷ്ക്രിയാവസ്ഥയിൽ**

പ്രോജക്ട് നം.139/25, പഞ്ചായത്തിലെ ഘടക സ്ഥാപനങ്ങളിൽ നാപ്കിൻ പാഡ് ഡിസ്ട്രോയൽ യൂണിറ്റ് (സ്പിൽ ഓവർ)
നിർവ്വഹണ ഉദ്യോഗസ്ഥ:- വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

അടങ്കൽ- 1,08,559/- (വികസന ഫണ്ട് ജനറൽ)

ചെലവ്-87,970/-(വികസന ഫണ്ട് ജനറൽ)

ബി.ആർ.എൻ.240706520119005112 69/7.08.2024

എഫ്.എച്ച്.സി യിലും ഗവ. ഹോമിയോ ഡിസ്പെൻസറിയിലും സ്ഥാപിക്കാനായി 2 നാപ്കിൻ പാഡ് ഡിസ്ട്രോയൽ മെഷീൻ (ഇൻസിനറേറ്റർ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയുണ്ടായി. ഒരു മെഷീന് 43,985/- രൂപ നിരക്കിൽ രണ്ട് മെഷീന്റെ വിലയായ 87,970/- രൂപ പ്രസ്തുത സ്ഥാപനത്തിന് കൈമാറുകയും ചെയ്തു. വാങ്ങിയതിൽ ഒരു യൂണിറ്റ് ഗവ. ഹോമിയോ ഡിസ്പെൻസറിയിലും (4-ാം വാർഡ്) മറ്റൊരു യൂണിറ്റ് എഫ്.എച്ച്.സി യിലും (13-ാം വാർഡ്) സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 4-ാം വാർഡിൽ ഗവ. ഹോമിയോ ഡിസ്പെൻസറിയിൽ സ്ഥാപിച്ച യൂണിറ്റ് ശരിയായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വൈദ്യുതി സൗകര്യം ഏർപ്പെടുത്താതിരുന്നതിനാൽ 13-ാം വാർഡിൽ എഫ്.എച്ച്.സി യിലേക്ക് നൽകിയ നാപ്കിൻ പാഡ് ഡിസ്ട്രോയൽ യൂണിറ്റ് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. വൈദ്യുതിയിൽ പ്രവർത്തിക്കേണ്ട പ്രസ്തുത മെഷീൻ നിലവിൽ ടോയ്ലെറ്റിലെ ഭിത്തിയോട് ചേർന്ന് നിഷ്ക്രിയമായി സൂക്ഷിച്ചിട്ടുള്ളതായി 18.09.2025 ൽ നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ആയത് പ്രവർത്തിക്കാനാവശ്യമായ വൈദ്യുതി കണക്ഷനോ പ്ലഗ് പോയിന്റോ നാളിതുവരെ ഏർപ്പെടുത്തിയതായും കാണുന്നില്ല.



എഫ്.എച്ച്.സി യിൽ സൂക്ഷിച്ചിട്ടുള്ള നാപ്കിൻ പാഡ് ഡിസ്ട്രോയൽ മെഷീൻ

വാങ്ങിയ മെഷീൻ പ്രവർത്തനക്ഷമമാകാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/19.09.2025) മറുപടി ഹാജരാക്കിയില്ല. അടിസ്ഥാന സൗകര്യമായ വൈദ്യുതി കണക്ഷൻ ഏർപ്പെടുത്തി മെഷീൻ പ്രവർത്തനക്ഷമമാക്കി രേഖകൾ ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച ഒരു യൂണിറ്റിന്റെ വിലയായ 43,985/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-21 വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ ആട് വിതരണം പ്രോജക്ട് - ആടുകളെ ഇൻഷ്വർ ചെയ്തില്ല**

നിർവ്വഹണ ഉദ്യോഗസ്ഥ : വെറ്ററിനറി സർജ്ജൻ
പ്രോജക്ട് : ആട് വിതരണം എസ്.സി.പി.
പ്രോജക്ട് നം. S087/25

ആട് വിതരണം (എസ്.സി.പി) പ്രോജക്ട് പ്രകാരം 34 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള ആടുകളെ എം എം ഫാം അമ്പലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്ന് 2,38,500 രൂപ (178500-വികസനഫണ്ട് എസ് സി പി 59500-ഗുണഭോക്തൃ വിഹിതം) ചെലവഴിച്ച് വാങ്ങിയിരുന്നു. എന്നാൽ ആടുകളെ ഇൻഷ്വർ ചെയ്തതിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/13.9.25) ലഭ്യമാക്കിയ മറുപടിയിൽ ആട് വിതരണ പദ്ധതിയിലെ ആരും തന്നെ ഇൻഷ്വറൻസ് തുക അടയ്ക്കാൻ തയാറാകാതിരുന്നതിനാലാണ് ആടുകളെ ഇൻഷ്വർ ചെയ്യാതിരുന്നത് എന്നും ഇൻഷ്വർ ചെയ്യുന്നതിന് പ്രാഥമികമായി ഇയർ ടാഗ് ചെയ്തിരുന്നതായും അറിയിച്ചു. ആടുകളെ ഇൻഷ്വർ ചെയ്യാതിരുന്നാലുണ്ടാകാവുന്ന ദോഷ വശങ്ങൾ സംബന്ധിച്ച് ഗുണഭോക്താക്കളെ ബോധവാന്മാരാക്കുകയും ചെയ്തിരുന്നതായി അറിയിച്ചു. ആട് വിതരണ പദ്ധതി പ്രകാരം ആടുകളെ ഇൻഷ്വർ ചെയ്യേണ്ടത് വളരെ പ്രാധാന്യത്തോടെ ചെയ്യേണ്ട പ്രവൃത്തിയാണ്. വരും വർഷങ്ങളിൽ പ്രോജക്ട് നടപ്പാക്കുമ്പോൾ ആടുകളെ ഇൻഷ്വർ ചെയ്യുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

**1-22 സോളാർ പാനൽ - മിച്ചവൈദ്യുതിക്ക് പണം ലഭിക്കുന്നില്ല**

പ്രോജക്ട് നം. S0153/2023 പ്രകാരം ചെറുതന എഫ്.എച്ച്.സി-യിൽ 12 KWA ഹൈബ്രിഡ് സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ട്. 2KWA സോളാർ ഇൻവെർട്ടറും സ്ഥാപിച്ചിട്ടുണ്ട്. കെൽട്രോൺ മുഖാന്തിരം സ്ഥാപിച്ച പ്രോജക്ട് 2024 നംവംബർ 7 നാണ് പൂർത്തീകരിക്കപ്പെട്ടത്. 9,94,999 രൂപ ആകെ ചെലവഴിച്ചതിൽ 4,97,500 രൂപയും കെൽട്രോണിന് നൽകിയത് ഈ വർഷമാണ് (ബിൽ സാങ്ഷൻ നം-391/11.12.24). എഫ്.എച്ച്.സി-യിലെ വൈദ്യുത ബില്ലിൽ ഗണ്യമായ കുറവുണ്ടായതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. എന്നാലിതുവരെയും ഉത്പാദിക്കപ്പെടുന്ന മിച്ച വൈദ്യുതിയുടെ വില കെ.എസ്.ഇ.ബി. നൽകിയിട്ടില്ല. മിച്ച വൈദ്യുതി ഉൽപ്പാദിപ്പിച്ചതിന്റെയും വൈദ്യുതി വില ലഭിച്ചതിന്റെയും കണക്കുകൾ കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-23 ഭവന പുനരുദ്ധാരണം (എസ്.സി)-ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയില്ല**

പ്രോജക്ട് നം.S020/25, ഭവന പുനരുദ്ധാരണം (എസ്.സി)

നിർവഹണം - വി.ഇ.ഒ.

അടങ്കൽ- 11,00,000/- (എസ്.സി.പി)

ചെലവ്-4,25,000/- (എസ്.സി.പി)

(ബിൽ നം.353/25.2.2025, 354/25.2.2025, 359/27.2.2025, 391/10.03.2025, 401/13.3.2025, 458/25.3.2025)

മേൽ പ്രോജക്ടിൽ ഭവന പുനരുദ്ധാരണത്തിനായി 14 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ അജയകുമാരി (25000/-), സുമതി (25000/-), മണിയമ്മ (25000/-), പത്മവല്ലി പ്രസാദ് (25000/-) എന്നീ ഗുണഭോക്താക്കൾ ആദ്യഗഡുവായ 25,000/- രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവനപുനരുദ്ധാരണം പൂർത്തിയാക്കിയാതായി കാണുന്നില്ല. പ്രവൃത്തി പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം (Final Valuation) ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/15.09.2025)തുടർച്ചയായി പ്രദേശത്ത് വെള്ളപ്പൊക്കം ഉണ്ടായതുമൂലമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത് എന്ന് മറുപടി ലഭിച്ചു. പ്രവൃത്തി പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 4 ഗുണഭോക്താക്കൾക്ക് അഡ്വാൻസായി നൽകിയ ചെലവ് തുക (100000/-) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-24 ഓഡിറ്റ് ഇംപാക്ട്- കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കി**

നിർവ്വഹണ ഉദ്യോഗസ്ഥ: സെക്രട്ടറി
പ്രോജക്ടിന്റെ പേര്: തെരുവ് വിളക്ക് അറ്റകുറ്റപ്പണി
പ്രോജക്ട് നം.-S067/25

തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തുന്നതിന് കരാറുകാരിൽ നിന്ന് ടെന്റർ ക്ഷണിച്ചതിൽ കുറഞ്ഞ ടെന്റർ ഹാജരാക്കിയ അജ്മൽ എ. എന്ന കരാറുകാരന്റെ ടെന്റർ അംഗീകരിച്ച് ആകെ ടെന്റർ തുകയുടെ 70% തുകയായ 1,40,000 രൂപ (199920 രൂപയുടെ 70%) കരാറുകാരന് നൽകിയിരുന്നു.
അറ്റകുറ്റപ്പണി നടത്തിയതുമായി ബന്ധപ്പെട്ട പ്രവൃത്തിയായതിനാൽ കരാറുകാരന് നൽകിയ തുകയിൽ നിന്ന് 1% തുക ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ടിയിരുന്നു. എന്നാൽ കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കിയിരുന്നില്ല. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (1/15.9.25) നൽകിയതിനെ തുടർന്ന് 1,400 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കി രസീത് നം.25000734/17.9.25 പ്രകാരം പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. ടി തുക ആദായ നികുതി വകുപ്പിലേയ്ക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-25 മത്സ്യമേഖലയെ പ്രോൽസാഹിപ്പിക്കുന്ന പദ്ധതികൾ ഇല്ല**

ചെറുതന ഗ്രാമപഞ്ചായത്തിൽ 2024-25 കാലയളവിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ പരിശോധിക്കുമ്പോൾ വളരെ ശുഷ്കമായ നിലയിലാണ് മത്സ്യമേഖല നിലകൊള്ളുന്നത്. മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് എന്ന പൊതുവായി നടപ്പാക്കിവരുന്ന ഒറ്റ പദ്ധതി മാത്രമാണ് ഈ വർഷം പുതിയതായി ഏറ്റെടുത്തിട്ടുള്ളത്. പഠനോപകരണ വിതരണം എന്ന മറ്റൊരു പദ്ധതി സ്പിൽഓവറായി പൊതുവിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലുമായി നടപ്പാക്കിയിട്ടുണ്ട്. ചെറുതന ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രം പരിശോധിച്ചാൽ വലിയ തോതിൽ ജലസമ്പത്തുള്ള ഒരു പ്രദേശമാണ്. ജലസമൃദ്ധമായ പമ്പയാറും അച്ചൻകോവിലാറും ഒഴുകുന്നതോടൊപ്പം ഒട്ടേറെ ചെറിയ ജലാശയങ്ങളും ഈ പ്രദേശത്തുണ്ട്. ഉൾനാടൻ മത്സ്യബന്ധനത്തിനും മത്സ്യകൃഷിക്കും വിപണനത്തിനും ഒട്ടേറെ സാദ്ധ്യതകളുള്ള പ്രദേശം കൂടിയാണിത്. അക്വാടൂറിസം സംരംഭങ്ങൾ, മത്സ്യകൃഷി മാതൃകകൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും തുടങ്ങി ഈമേഖലയിൽ ഒട്ടേറെ നൂതന പദ്ധതികൾ നടപ്പാക്കാനുള്ള സാദ്ധ്യതകളാണ് ഈ പഞ്ചായത്തിലുള്ളത്. എന്നാൽ മത്സ്യമേഖലയുടെ വളർച്ചയ്ക്കുതകുന്ന നിലയിലുള്ള ഒരു പദ്ധതിപോലും ഏറ്റെടുത്ത് നടപ്പാക്കാതിരുന്നത് അനഭിലഷണീയമാണ്. വരുംവർഷങ്ങളിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.

**1-26 കൃഷി ഭവൻ മെയിന്റനൻസുമായി ബന്ധപ്പെട്ട് നടത്തിയ പെയിന്റിംഗ് ഇളകിയ നിലയിൽ**

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ടിന്റെ പേര്: കൃഷി ഭവൻ മെയിന്റനൻസും പെയിന്റിംഗും (പ്രോജക്ട് നം. :S0136/25)

അടങ്കൽ: 401411(M G Non Road)

ചെലവ്: 3,65,609 (TRN 240706000000003848/4.7.24)

കരാറുകാരൻ : റെറ്റിമോൻ തോമസ്

എം ബുക്ക് നം. LSGD/CELSGD/EST/9448/2023

കൃഷിഭവൻ മെയിന്റനൻസും പെയിന്റിംഗും എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി കൃഷിഭവനിൽ അറ്റകുറ്റപ്പണിയും പെയിന്റിംഗ് പ്രവൃത്തികളും നടപ്പാക്കിയിട്ടുണ്ട്. പെയിന്റിംഗ് പ്രവൃത്തിയായി സ്പെസിഫിക്കേഷൻ 14.43 ആയി കൃഷി ഭവന്റെ ഹാളിലും റൂമുകളിലും ഭിത്തികളിലെ പഴയ പെയിന്റ് ഇളക്കുന്ന പ്രവൃത്തിയും അതിന് ശേഷം 13.43.1 ഇനമായി സിമന്റ് പ്രൈമർ പൂശുക അതിന് മുകളിലായി 13.60.1 എന്ന ഇനമായ വാൾ പെയിന്റിംഗ് വിത്ത് അക്രൈലിക് എമൽഷൻ എന്നീ പ്രവൃത്തികളും നടത്തിയിട്ടുണ്ട്. കൂടാതെ സിമന്റ് പ്രൈമർ പൂശാത്ത ഭാഗങ്ങളിൽ 13.46.1 ഇനമായി സിമന്റ് പ്രൈമർ ഉൾപ്പെടുന്ന പെയിന്റിംഗ് ആണ് ചെയ്തിട്ടുള്ളത്. എന്നാൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥല പരിശോധന നടത്തിയതിൽ കൃഷിഭവന്റെ ഭിത്തിയിൽ പല ഇടങ്ങളിലായി പെയിന്റ് ഇളകി അടർന്ന അവസ്ഥയിലാണുള്ളത്. പുതുതായി ചെയ്ത പെയിന്റിംഗ് പ്രവർത്തിയാണെന്നിരിക്കെ പെയിന്റ് പൊളിഞ്ഞ് ഇളകാനുണ്ടായ സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/19.9.25) മറുപടി ലഭ്യമാക്കിയില്ല. മരാമത്ത് പ്രവൃത്തികൾ കുറെക്കൂടി കുറ്റമറ്റ രീതിയിൽ നിർവ്വഹിയ്ക്കുന്നതിനും കൃത്യമായ മോണിറ്ററിംഗ് നടത്തുന്നതിനും

ശ്രദ്ധിയ്ക്കേണ്ടതാണ്.

**1-27 നാളികേര സംസ്കരണ യൂണിറ്റ്- നാളിതുവരെ പ്രവർത്തനം ആരംഭിച്ചില്ല**

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ വാർഡ് 4 ൽ നാളികേരം സംഭരിച്ച് സംസ്കരിച്ച് വെളിച്ചെണ്ണയും മറ്റ് ഉത്പന്നങ്ങളും നിർമ്മിയ്ക്കുന്നതിനുമായി 2022-23 വർഷം നിർമ്മാണം ആരംഭിച്ച കെട്ടിട നിർമ്മാണം 2024-25 വർഷം പൂർത്തീകരിച്ചിട്ടുള്ളതാണ്. കെട്ടിടം നിർമ്മിയ്ക്കുന്നതിന് 11,65,866 രൂപയും ഇലക്ട്രിഫിക്കേഷനായി 1,50,000 രൂപയുമാണ് വകയിരുത്തിയിരുന്നത്. എം ബുക്ക് പ്രകാരം ആകെ പ്രവർത്തി മൂല്യം 702070 രൂപയാണ്. എം.ഐ.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ പ്രവർത്തിമൂല്യം 6,38,893 രൂപ (വേജസ്-Rs.226799, മെറ്റീരിയൽ-Rs.412094)യാണ്. എം.ഐ.എസ് സ്റ്റേറ്റ്മെന്റ് പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധന നടത്തിയതിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടെങ്കിലും ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ നടത്തിയിട്ടുള്ളതായോ പ്രവർത്തനങ്ങൾ ആരംഭിച്ചതായോ കാണുന്നില്ല. വിഷയം എക്സിറ്റ് മീറ്റിംഗ് വേളയിൽ അവതരിപ്പിച്ചതിന് മറുപടിയായി ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ യൂണിറ്റിന്റെ പ്രവർത്തനം ഉടനെ ആരംഭിയ്ക്കുന്നതാണെന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിട്ടുണ്ട്. കെട്ടിടം ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരൻ: ആദർശ് റാം

എം ബുക്ക് നം : 13/24-25, 44/24-25,8/23-24

വർക്ക് കോഡ്: 549898

FTO No. 0121EATPAYREQ1208202516491-Rs.412094(material Cost)

**1-28 കയർ ഭൂവസ്ത്രം വിരിയ്ക്കൽ -ചെയ്ത അളവിനേക്കാൾ കൂടുതൽ കയർഭൂവസ്ത്രം വാങ്ങി**

ഗ്രാമപഞ്ചായത്തിലെ വാർഡ് 1 ൽ ചെറുതുരുത്ത് പാടശേഖര ബണ്ട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് പാർശ്വ ഭിത്തി നിർമ്മാണം പ്രവൃത്തിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്രം വാങ്ങി വിരിയ്ക്കുന്നതിനുള്ള പ്രവൃത്തി നടത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 1 $M^2$ പ്രതലത്തിൽ വിരിയ്ക്കുന്നതിനാവശ്യമായ ഭൂവസ്ത്രത്തിന്റെ അളവ് 1.05 $M^2$ ആണ്. എം ബുക്ക് പ്രകാരം (69/24-25) 804 $M^2$ പ്രതലത്തിലാണ് ഭൂവസ്ത്രം വിരിച്ചിട്ടുള്ളത്. അതിനാൽ 844 $M^2$(804*1.05) ഭൂവസ്ത്രം മാത്രമാണ് ടി പ്രവൃത്തിയ്ക്കാവശ്യമായ ഭൂവസ്ത്രം. എന്നാൽ 1732 $M^2$ ഭൂവസ്ത്രം വാങ്ങിയിട്ടുള്ളതായി കാണുന്നു.( 127338 രൂപയാണ് ഭൂവസ്ത്രത്തിന്റെ വില. ആയതിന്റെ FTO തയാറാക്കിയിട്ടില്ല എന്ന് കാണുന്നു) . ഇപ്രകാരം ആവശ്യമുള്ളതിനേക്കാൾ അധികമായി 888 M2 കയർ ഭൂവസ്ത്രം വാങ്ങാനിടയായ സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/19.9.25) മറുപടിയോ ഭൂവസ്ത്രം സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളോ ലഭ്യമാക്കിയില്ല. അധികമായി വാങ്ങിയ ഭൂവസ്ത്രം മറ്റേതെങ്കിലും

പ്രവൃത്തിയ്ക്കായി വിനിയോഗിക്കേണ്ടതും ഭൂവസ്ത്രം ഉൾപ്പെടുന്ന പ്രവൃത്തികളിൽ ആവശ്യമായ അളവിൽ മാത്രം ഭൂവസ്ത്രം വാങ്ങാൻ ശ്രദ്ധിയ്ക്കേണ്ടതുമാണ്.

കരാറുകാരൻ : ആദർശ് റാം

എം ബുക്ക് നം.: 69/24-25

**1-29 ഹോമിയോ ഡിസ്പൻസറിയിലേക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല**

പ്രോജക്ട് നമ്പർ - എസ് 038/25

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നും വിതരണസാമഗ്രികളും വാങ്ങൽ

അടങ്കൽ - 2,00,000/- രൂപ

ചെലവ് - 2,00,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് -റോഡിതരം)

ബിൽ റഫറൻസ് നമ്പർ – 8,81,849 / 08.11.2024

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ഹോമിയോ)

ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നും വിതരണസാമഗ്രികളും വാങ്ങൽ പദ്ധതിയിലുൾപ്പെടുത്തി 2,00,000/- രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ 1,83,831/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 16,169/-രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകുവാനുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/15.09.2025) നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (ഹോമിയോ) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ യഥാസമയം ലഭ്യമായതായി ഉറപ്പുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-30 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ (FC-XV) 2021-22 മുതൽ 2025-26 വരെയുള്ള കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ ₹4,27,911 കോടി ഗ്രാന്റ് ശുപാർശ ചെയ്തിട്ടുണ്ട്, ഇതിൽ ₹70,051 കോടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ആരോഗ്യ ഗ്രാന്റുകൾക്കായി പ്രത്യേകം നീക്കിവച്ചിട്ടുണ്ട്. ഇതിൽ ഗ്രാമീണ, നഗര, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകളും ഉൾപ്പെടുന്നു. അടിസ്ഥാന തലത്തിൽ പ്രാഥമിക ആരോഗ്യ സേവനങ്ങൾ ശക്തിപ്പെടുത്തുകയും മൊത്തത്തിലുള്ള ആരോഗ്യ ഫലങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. സ്കീം 3,4 എന്നിവ പ്രകാരം ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വരവ് ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(I)സ്ഥാപനത്തിന് നാളിതുവരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റ് വരവ് ചെലവ് കണക്ക്

| വർഷം | ഗ്രാന്റിന്റെ പേര് | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരുപ്പ് |
|---|---|---|---|---|
| 2021-22 | സ്കീം 3 | 2,98,959 | 2,98,959 | 0 |

| | | | | |
|---|---|---|---|---|
| | സ്കീം 4 | 1,36,942 | 1,36,942 | 0 |
| 2022-23 | സ്കീം 3 | 2,92,000 | 2,92,000 | 0 |
| | സ്കീം 3 | 6,57,000 | 6,48,748 | 8,252 |
| | സ്കീം 4 | - | - | - |
| 2023-24 | സ്കീം 3 | 2,74,000 | 0 | 2,74,000 |
| | സ്കീം 4 | 4,64,000 | 0 | 4,64,000 |
| 2024-25 | തുക ലഭിച്ചിട്ടില്ല | - | - | - |
| ആകെ | | 21,22,901/- | 13,76,649/- | 7,46,252/- |

(Ii)ഹെൽത്ത്ഗ്രാന്റ് വകയിരുത്തിയിരുന്നെങ്കിലും ആയത് ചെലവഴിക്കാതിരുന്നതിന്റെ കാരണങ്ങൾ

| വർഷം | ഗ്രാന്റിന്റെ പേര് | തുക | ചെലവഴിക്കാഞ്ഞതിന്റെ കാരണം |
|---|---|---|---|
| 2022-23 | ഗ്രാമീണ മേഖലയിലെ പിഎച്ച്സികൾക്കും ഉപകേന്ദ്രങ്ങൾക്കും രോഗനിർണയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ആരോഗ്യ ഗ്രാന്റ് (സ്കീം 3) | 8,252 | സ്പിൽ ഓവർ പദ്ധതി കെസ്മാർട്ടിൽ ലഭ്യമാവാത്തതിനാൽ തുക ചെലവഴിച്ചിട്ടില്ല |
| 2023-24 | ഗ്രാമീണ മേഖലയിലെ പിഎച്ച്സികൾക്കും ഉപകേന്ദ്രങ്ങൾക്കും രോഗനിർണയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ആരോഗ്യ ഗ്രാന്റ് (സ്കീം 3) | 2,74,000 | സ്പിൽ ഓവർ പദ്ധതി കെസ്മാർട്ടിൽ ലഭ്യമാവാത്തതിനാൽ തുക ചെലവഴിച്ചിട്ടില്ല |
| 2023-24 | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും ഉപകേന്ദ്രങ്ങളെയും ഗ്രാമീണ മേഖലയിലെ എച്ച്ഡബ്ല്യൂസികളാക്കി മാറ്റുന്നതിനുള്ള ആരോഗ്യ ഗ്രാന്റ് (സ്കീം 4) | 4,64,000 | സ്പിൽ ഓവർ പദ്ധതി കെസ്മാർട്ടിൽ ലഭ്യമാവാത്തതിനാൽ തുക ചെലവഴിച്ചിട്ടില്ല |

(Iii)തുക വകയിരുത്തി നടപ്പാക്കിയ നിർമ്മാണ പദ്ധതികളുടെ വിവരം

ഹെൽത്ത് ഗ്രാന്റ് സ്കീം ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല.

(Iv) ഹെൽത്ത് ഗ്രാന്റ് നടത്തിപ്പിനായി തദ്ദേശ സ്ഥാപനം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം

ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിനായി 4,64,000/- രൂപയും (സ്കീം 4) ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ എന്ന പ്രോജക്ടിനായി 2,74,000/- രൂപയും (സ്കീം-3) വകയിരുത്തിയിരുന്നെങ്കിലും കെസ്മാർട്ടിൽ സ്പിൽഓവർ പദ്ധതി ലഭ്യമാവാതിരുന്നതിനാൽ തുക ചെലവഴിച്ചിട്ടില്ല. ഹെൽത്ത് ഗ്രാന്റ് വരവ്, ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(V) ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങളുടെ വിവരങ്ങൾ

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സ്കീം -3 പ്രകാരം ലാബ് റീഎജന്റ്, എ.സി, ഫർണ്ണിച്ചർ, റെഫ്രിജറേറ്റർ, ലാപ്ടോപ്, ലാബ് ചെയിൻ മുതലായവ ഉപകരണങ്ങളും സ്കീം -4 പ്രകാരം റീഎജന്റ് കിറ്റ്, ലാപ്ടോപ്, ഫർണ്ണിച്ചർ, രജിസ്റ്ററുകൾ എന്നിവയും വാങ്ങിയിട്ടുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും ശക്തമായ ശൃംഖല നിലനിൽക്കുന്ന കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനം, ജനസംഖ്യയുടെ വലിയൊരു വിഭാഗത്തിന് ആരോഗ്യ സേവനങ്ങൾ പ്രാപ്യമാണെന്ന് ഉറപ്പാക്കുന്നുണ്ട്. മേഖലയെ ശാക്തീകരിക്കുന്നതിന് ലഭ്യമായ ഫണ്ട് വിനിയോഗിച്ച് പരമാവധി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

**1-31 ജൽ ജീവൻ മിഷൻ- പദ്ധതി പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല**

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ

മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

**ജൽജീവൻ മിഷൻ - കേരളം**

ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024-നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യം. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

**ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖ**

സ.ഉ.(കൈ)നം.37/2020/ജ.വി.വ./08.06.2020 നമ്പർ ഉത്തരവ് പ്രകാരമുള്ള ജൽ ജീവൻ മിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള "ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി" നാളിതുവരെ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല.

**നിർവ്വഹണ സഹായ ഏജൻസി**

ജൽ ജീവൻ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണവും ശാക്തീകരണവും, ജലസാക്ഷരതാ പ്രവർത്തനങ്ങൾ, പരസ്യ പ്രചാരണ പരിപാടികൾ, ജലഗുണനിലവാര പരിശീലനങ്ങൾ ഉൾപ്പെടെയുള്ള സാമൂഹിക സംഘാടന പരിപാടികളിൽ ഇടപെടൽ നടത്തേണ്ടത് നിർവ്വഹണ സഹായ സംഘടനകളാണ്. ഇടുക്കി കഞ്ഞിക്കുഴി ആസ്ഥാനമായി പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ ഓറിയന്റേഷൻ ആന്റ് റൂറൽ ഡെവലപ്മെന്റ് (SORD) എന്ന സ്ഥാപനത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ കുടിവെള്ള ശുചിത്വമിഷൻ മെമ്പർ സെക്രട്ടറി, നിർവ്വഹണ സഹായ ഏജൻസി എന്നിവർ ചേർന്നുള്ള ത്രികക്ഷി കരാറിൽ ഏർപ്പെട്ടു വേണം പദ്ധതി ആരംഭിക്കേണ്ടത്. എന്നാൽ നാളിതുവരെ ഗ്രാമപഞ്ചായത്ത് ഇത്തരത്തിലുള്ള യാതൊരു പ്രവർത്തനവും ആരംഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.
ഭൂരിഭാഗവും നിലവിലുള്ള സ്രോതസ്സിന്റെ കാലഹരണപ്പെട്ട വിതരണ കുഴലുകൾ മാറ്റുന്ന പ്രവൃത്തി ആയതിനാൽ കുടിവെള്ള വിതരണം തടസ്സമില്ലാതെ നടത്താൻ സാധിക്കുന്നു എന്നതാണ് പദ്ധതിയുടെ മറ്റൊരു പ്രത്യേകത.

**പദ്ധതി വിലയിരുത്തൽ**

ജൽ ജീവൻ പദ്ധതിയിലേക്കായി ഓഡിറ്റ് വർഷം (2024-25) ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിനോ, ടാങ്ക് നിർമ്മിക്കുന്നതിനോ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. ജലജീവൻ പദ്ധതി പ്രകാരം കുടിവെള്ള കണക്ഷൻ നൽകിയ വീടുകളുടെ എണ്ണം, പദ്ധതി നടപ്പാക്കുന്നതിനായി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കുഴിച്ച റോഡുകളുടെ എണ്ണം, വിസ്തൃതി തുടങ്ങിയ വിവരങ്ങളൊന്നും തന്നെ ഗ്രാമപഞ്ചായത്ത് ശേഖരിച്ചിട്ടില്ല. പദ്ധതി നിർവ്വഹിക്കുവാനാവാശ്യമായ യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.
ധാരാളം തെരുവ് ടാപ്പുകൾ പ്രവർത്തിച്ചിരുന്ന ഗ്രാമപഞ്ചായത്തായിരുന്നു. ഇത്രയും ടാപ്പുകൾ പ്രവർത്തിക്കാനാവശ്യമായ പൈപ്പ് ലൈനുകൾ നിർമ്മിച്ചിരിക്കെ ആയതിലൂടെ ജലജീവൻ പദ്ധതി നടപ്പിലാക്കാൻ സാധിക്കും എന്നത് ഗുണകരമായ കാര്യമാണ്. ചെറുതന ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻമിഷന് പദ്ധതിയ്ക്ക് തുക വകയിരുത്തുകയോ, ചെലവഴിക്കുകയോ വിഹിതം നൽകുകയോ ചെയ്തിട്ടില്ലായെന്ന വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാക്കാനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-32 മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല**

ആര്യോഗ്യവകുപ്പ് മെഡിക്കൽ ഓഫീസർ മുഖാന്തിരം KMSCL ൽ നിന്ന് പ്രഫോർമ ഇൻവോയിസ് ലഭ്യമാക്കി (PRF 3136) 2,00,000 രൂപ മരുന്ന് വാങ്ങലിനായി (പ്രോജക്ട് നം- S0066/25 പ്രകാരം)കൈമാറിയിരുന്നു. എന്നാൽ ഓഡിറ്റ് സമയം വരെയും 67,391 രൂപക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 1,32,609 രൂപക്കുള്ള മരുന്നുകൾ ലഭ്യമാക്കി വിശദാംശം ഹാജരാക്കേണ്ടതാണ്.

**1-33 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയില്ല**

കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1, ആർട്ടിക്കിൾ-282 (1) ലെ വ്യവസ്ഥകളിൽ ഉൾപ്പെടുന്ന ഇളവുകളിൽ ഉൾപ്പെടാത്ത ബാധ്യത ഡെപ്പോസിറ്റുകൾ നിക്ഷേപം നടത്തി, മൂന്ന് വർഷത്തിനുള്ളിൽ അവകാശവാദം ഉന്നയിക്കപ്പെടാത്ത പക്ഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം കഴിഞ്ഞ പഞ്ചായത്ത് സമിതി തെരെഞ്ഞെടുപ്പിന്റെ ഭാഗമായുള്ള നിക്ഷേപങ്ങൾ വരെ ബാധ്യതയായി തുടരുന്നു. 31.03.25 ലെ കണക്കുകൾ പ്രകാരം 14,69,549 രൂപ ബാധ്യതയായി തുടരുന്നുണ്ട്. ഡെപ്പോസിറ്റുകൾ നിക്ഷേപം നടത്തി മൂന്ന് വർഷത്തിനുള്ളിൽ അവകാശവാദം ഉന്നയിക്കപ്പെടാത്ത ബാധ്യത നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-34 ലൈഫ് ഭവന പദ്ധതി - അവലോകനം**

ലൈഫ് ഭവന പദ്ധതി നടത്തിപ്പിനായി പഞ്ചായത്ത് തൻവർഷം മാത്രം 51 ലക്ഷം രൂപ കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്ന് വായ്പയെടുത്തിട്ടുണ്ട്. ഇതുൾപ്പടെ വർഷാവസാനം 1.03 കോടി രൂപയുടെ വായ്പ തിരിച്ചടയ്ക്കാനുണ്ട്. തൻവർഷം 11.12 ലക്ഷം രൂപയുടെ വായ്പ തിരിച്ചടച്ചു.പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി വഴിയുള്ള ഭവന നിർമ്മാണം കാര്യക്ഷമമായി നടന്ന് വരുന്നു. ഇതുവരെ 125 ഗുണഭോക്താക്കൾ കരാർ വച്ച് ഭവന നിർമ്മാണം ആരംഭിച്ചതിൽ 110 പേർ പൂർത്തിയാക്കി. ബാക്കി 15 പേരിൽ 12 ഗുണഭോക്താക്കളുടേയും ഭവന നിർമ്മാണം പുരോഗമിക്കുന്നതായി വി.ഇ.ഒ ലഭ്യമാക്കിയ രേഖകളിൽ

നിന്ന് വ്യക്തമാകുന്നു. ബാക്കി 3 ഗുണഭോക്താക്കൾ മുൻകൂറായി 40,000 രൂപ കൈപ്പറ്റിയെങ്കിലും ഇതുവരെയും നിർമ്മാണത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ്, വാർഡ് | കൈപ്പറ്റിയ തുക | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|
| ഇന്ദിര, അനീഷ് ഭവനം ലക്ഷംവീട് (വാർഡ് 5 ) | 40,000/- | 08.03.2023 |
| ബാലകൃഷ്ണൻ, പെരുനിലത്ത്, ചെറുതന (വാർഡ് 9 ) | 40,000/- | 26.06.2023 |
| ജാനമ്മ, കൊപ്പാറ പടീറ്റേതിൽ (വാർഡ് 10) | 40,000/- | 13.09.2024 |

പ്രവൃത്തി പൂർത്തിയാക്കി രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/15.09.2025) ഭവന നിർമ്മാണം പൂർത്തിയാക്കാത്ത മേൽ ഗുണഭോക്താക്കൾക്ക് തുക തിരികെ ഒടുക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും തുടർന്നും പ്രവൃത്തി പൂർത്തിയാക്കാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു. പഞ്ചായത്ത് വായ്പയെടുത്ത് ഭവനനിർമ്മാണത്തിന് നൽകുന്ന തുക ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നു എന്നുറപ്പാക്കേണ്ടതാണ്. ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്പ് - അവലോകനം

**1) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – റഗുലർ ജീവനക്കാർ**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 11 | 59,000/- | 59,000/- | 0 | ജീവനക്കാരുടെ സ്ഥലം മാറ്റം നടന്നതിനാൽ 09/24 ൽ 10 പേരുടെ പ്രീമിയം മാത്രമാണ് അടവാക്കിയത്. പോളിസി നമ്പർ ലഭിക്കാഞ്ഞതിനാൽ സ്ഥലം മാറി വന്ന ശ്രീ.മനേഷിന്റെ 3 മാസത്തെ പ്രീമിയം തുടർ മാസത്തിലാണ് അടവാക്കിയത് |

(01.04.2024 മുതൽ 31.03.2025 വരെ സർവ്വീസിൽ പ്രവേശിച്ചവരുടേത് ഒഴികെ)

2) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.4.24 മുതൽ 30.6.24 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ**

ഇല്ല

**3) മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.7.24 ൽ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ**

ഇല്ല

4) **മെഡിസെപ്പ് പ്രീമിയം ഒടുക്ക് – (1.8.24 മുതൽ 31.3.25 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ**

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 01/2025 | 1,000/- (02/25, 03/25) | 0 | 1,000 | 01/25 മുതലുള്ള അരിയർ ഈടാക്കിയത് ഈ മാസം അടവാക്കുന്നതാണ് |

**4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക : മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 1,70,000 | സാന്ത്വന പരിചരണം(97/25) | 1,70,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 3,00,000 | ലൈഫ് ഭവന നിർമ്മാണം എസ് സി പി(16/25) | 3,00,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 3,50,000 | ലൈഫ് ഭവന നിർമ്മാണം ജനറൽ(1/25) | 3,50,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 1,98,330 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥി കൾക്ക് സ്കോളർഷിപ്പ് നല്കൽ(17/25) | 1,98,330 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 900 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കൽ(104/25) | 900 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 1,80,132 | പാലിന് സബ്സിഡി ജനറൽ(42/25) | 1,80,132 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2024-25 | 22,473 | പാലിന് സബ്സിഡി എസ് സി പി(44/25) | 22,473 | 0 |
| **ആകെ** | | **12,21,835** | | **12,21,835** | |
| ജില്ലാപഞ്ചായത്ത് | 2024-25 | 2,99,840 | സാന്ത്വന പരിചരണം(110/25) | 2,99,840 | 0 |
| ജില്ലാപഞ്ചായത്ത് | 2024-25 | 3,00,000 | സാന്ത്വന പരിചരണം(97/25) | 3,00,000 | 0 |
| ജില്ലാപഞ്ചായത്ത് | 2024-25 | 4,60,000 | ലൈഫ് ഭവന നിർമ്മാണം എസ് സി പി(16/25) | 4,60,000 | 0 |
| ജില്ലാപഞ്ചായത്ത് | 2024-25 | 10,00,000 | ലൈഫ് ഭവന നിർമ്മാണംജനറൽ(1/25) | 10,00,000 | 0 |
| ജില്ലാപഞ്ചായത്ത് | 2024-25 | 2,00,000 | അങ്കണവാടി പോഷകാഹാര വിതരണം(6/25) | 2,00,000 | 0 |
| ജില്ലാപഞ്ചായത്ത് | 2024-25 | 60,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് | 60,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് നല്കൽ(17/25) | | |
| ജില്ലാപഞ്ചായത്ത് | 2024-25 | 5,00,362 | ചെങ്ങാരപ്പള്ളിച്ചിറ റോഡ്(103/25) | 5,00,362 | 0 |
| ജില്ലാപഞ്ചായത്ത് | 2024-25 | 40,000 | എസ് പി സി വിഹിതം നൽകൽ (166/25) | 40,000 | 0 |
| ജില്ലാപഞ്ചായത്ത് | 2024-25 | 50,000 | പാലിന് സബ്സിഡി ജനറൽ(42/25) | 50,000 | 0 |
| ജില്ലാപഞ്ചായത്ത് | 2024-25 | 5,00,000 | അഗതി രഹിത കേരളം(93/25) | 5,00,000 | 0 |
| **ആകെ** | | **34,10,202** | | **34,10,202** | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം. S0172/2025 സ്ട്രീറ്റ് ടാപ്പ് ഡിസ്മാന്റിലിംഗ് ചാർജ്ജ് അടവാക്കൽ | 197/04.12.24 214/13.12.2024 | 2,16,668/- | 0 | 2,16,668/- |
| കേരള വാട്ടർ അതോറിറ്റി | പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ (പ്രോജക്ട് നം. 15/25) | XVFC/24-25 /P/13/28.11.24 | 2,91,183 | 0 | 2,91,183 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം (വരവ്) | ആകെ | തൻവർഷം തിരിച്ചടച്ച തുക (സോഴ്സ് ഡിഡക്ഷൻ) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 45,99,671 | 68,02,606 | 1,14,02,277 | 11,12,474 | 1,02,89,803 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,48,43,277 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 1,48,43,277 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1,14,108 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,47,29,169 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 3,54,25,728 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 3,22,44,322 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 5,33,985 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 90,000 | ശ്രീ.സജികുമാർ കെ.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-18 | 3,00,000 | ശ്രീമതി പി.ശ്രീദേവി അമ്മ, സെക്രട്ടറി |
| 1-20 | 43,985 | കുമാരി ഗീത പി.എൽ. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 1-23 | 1,00,000 | കുമാരി ഗീത പി.എൽ. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| **ആകെ** | 5,33,985/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജികുമാർ കെ.എസ്., അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സജികുമാർ കെ.എസ്., അസിസ്റ്റന്റ് സെക്രട്ടറി, ചെറുതന ഗ്രാമപഞ്ചായത്ത് | കാട്ടിൽ വടക്കേതിൽ, എരിക്കാവ് പി.ഒ., കാർത്തികപ്പള്ളി |
| ശ്രീമതി പി.ശ്രീദേവി അമ്മ, സെക്രട്ടറി | സെക്രട്ടറി, ചെറുതന ഗ്രാമപഞ്ചായത്ത് | തൈപ്പള്ളി ഹൌസ്, കൊറ്റംകുളങ്ങര. അവലൂക്കുന്ന് പി.ഒ., ആലപ്പുഴ |
| കുമാരി ഗീത പി.എൽ. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ചെറുതന ഗ്രാമപഞ്ചായത്ത് | തൊങ്ങൻവിളവീട് നെല്ലിമൂട്, തിരുവനന്തപുരം |

**4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 (വരവ്-ചെലവ്) | എൽ.എഫ്.ജി.എ5-1832/11/31.1.12 |
| 1998-99 | |
| 1999-2000 | |
| 2000-01 | |

| | |
|---|---|
| 2001-02<br>2002-03<br>2003-04<br>2004-05<br>2005-06<br>2006-07<br>2007-08<br>2009-10<br>2010-11<br>2011-12<br>2012-13<br>2013-14<br>2014-15<br>2015-16<br>2016-17<br>2017-18<br>2018-19 | കെ.എസ്.എ-എ.എൽ.പി-പി.3/314/2022 തീയതി 17.05.2023 (അദാലത്ത് റിപ്പോർട്ട്) |
| 2019-2020 | കെ.എസ്.എ-എ.എൽ.പി-പി3-795/21 /28.09.2021 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി3-796/21 /28.09.2021 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി3-161/2023 /23.03.2023 |
| 2022-23 | കെ.എസ്.എ-എ.എൽ.പി-പി3-1074/2023 /03.10.2023 |
| 2023-24 | കെ.എസ്.എ-എ.എൽ.പി-പി3-874/2024 /04.11.2024 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 6/2(1) dated 6/2(1) dated 20-06-2025 and submitted on 08-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Cheruthana Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Cheruthana Grama Panchayat as on 31-03-2025

**Date: 21/11/2025** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Cheruthana Grama Panchayat for the Year 2024-2025.**

**1.Major Observations**

Nil

**2.Other Observations**

1. Advance register is not maintained properly.
2. Demand entries of receipts such as property tax, proffession tax, licence fee are not made in proper time.

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്